


## വി. ഫ്രാൻസിസ് സാലസ്
### സഭാമധ്യസ്ഥൻ (1567 – 1622)

വി. ഫ്രാൻസിസ് സാലസ് 1567 ആഗസ്റ്റ് 21-ാം തീയതി ഫ്രാൻസിലെ സാവോയി പട്ടണത്തിൽ ഭൂജാതനായി 1593 ൽ പുരോഹിതപദവിയിലേക്ക് ഉയർത്ത പ്പെടുകയും തുടർന്ന് കാൽവനീസ് പാഷണ്ഡത നില നിന്നിരുന്ന ഷാബ്ളെയിസ് എന്ന സ്ഥലത്ത് മിഷനറി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 1602 ൽ അദ്ദേഹം ജനീവയിലെ മെത്രാനായി അഭിഷിക്തനായി. 'ഭക്തിജീവിതപ്രവേശിക', 'ദൈവസ്നേഹം' എന്നീ രണ്ടു മഹദ്ഗ്രന്ഥങ്ങളിലൂടെയും മറ്റനേകം ലഘുലേ ഖനങ്ങളിലൂടെയും വിശുദ്ധിയുടെ പാത ആർക്കും അന്യമല്ല എന്നു പഠിപ്പിച്ചു. 1622 ൽ തന്റെ 55-ാമത്തെ വയസ്സിൽ അദ്ദേഹം ദിവംഗതനായി. 1665 ൽ അദ്ദേഹം വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെട്ടു 'ഏറ്റവും ഉത്തമനായ ആധ്യാത്മികപിതാവ്' എന്നു വിളിച്ച് 1877 ൽ പീയൂസ് 9-ാമൻ മാർപാപ്പാ അദ്ദേഹത്തെ സഭയിലെ വേദപാരം ഗതനായി പ്രഖ്യാപിച്ചു. പീയൂസ് പതിനൊന്നാമൻ മാർപാപ്പാ വിശുദ്ധ ഫ്രാൻസീസ് സാലസിനെ 'പത്രപ്രവർത്തകരു ടെയും എഴുത്തുകാരുടെയും മധ്യസ്ഥനായും ഉയർത്തി.



## ദൈവദാസൻ ഫാ. പീറ്റർ മെർമിയർ
### സഭാസ്ഥാപകൻ (1790 – 1862)

ദൈവദാസൻ ഫാ. പീറ്റർ മെർമിയർ ഫ്രാൻസിൽ 1790 ആഗസ്റ്റ് 28-ാം തീയതി ജനിച്ചു. 1813 മാർച്ച് 13-ാം തീയതി ഒരു രൂപതാവൈദികനായി പ്രേഷിതപ്രവർത്തനം ആരംഭിച്ചു. ഫ്രഞ്ചുവിപ്ലവത്തിന്റെ പ്രതികൂലസാഹചര്യത്താലും ആക്രമണങ്ങളാലും അക്രൈസ്തവ വികരണത്താലും ക്രിസ്തീയ ഉണർവും ഉന്മേഷവും നശിച്ച ക്രൈസ്തവരെ നവീകരിക്കുവാനും ഉദ്ധരിക്കുവാനുംവേണ്ടി വി. ഫ്രാൻസീസ് സാലസിന്റെ മിഷനറി ചൈതന്യം ഉൾക്കൊണ്ട് 1838 ഒക്ടോബർ 24-ാം തീയതി മിഷനറീസ് ഓഫ് സെന്റ് ഫ്രാൻസീസ് ഡി സെയിൽസ് എന്ന മിഷനറിസമൂഹം സ്ഥാപിച്ചു.

## എം.എസ്.എഫ്.എസ്. സഭ

* 1838 ഒക്ടോബർ 24-ാം തീയതി സ്ഥാപിച്ചു.
* വി. ഫ്രാൻസീസ് സാലസ് സഭാമദ്ധ്യസ്ഥൻ.
* ദൈവദാസൻ ഫാ. പീറ്റർ മെർമിയർ സ്ഥാപകൻ.
* പ്രൊവിൻസുകൾ: **Visakhapatnam, South - West India, South - East India, Pune, Nagpur, Guwahati, Dibrugarh, Fanco - Swiss, English, Brazil, East Africa,USA.**
* 32 രാജ്യങ്ങളിലായി ആയിരത്തി അറുനൂറോളം വൈദികർ സേവനം ചെയ്യുന്നു

### MSFS IN THE WORLD




#### PROVICE/VICE-PROVINCE/REGION/MISSION: 2022

| NAME | Professed | Priests | Brothers | Scholastics | Novices | Candidates |
|---|---|---|---|---|---|---|
| Brazil | 16 | 16 | - | - | - | - |
| Dibrugarh, India | 106 | 87 | - | 19 | 11 | 34 |
| East Africa | 101 | 71 | - | 30 | 10 | 14 |
| England | 10 | 10 | - | - | - | - |
| France-Swiss | 31 | 29 | - | 02 | - | - |
| Guwahati, India | 143 | 117 | - | 26 | 09 | 68 |
| Nagpur, India | 219 | 140 | 03 | 79 | 19 | 54 |
| Pune , India | 154 | 126 | 03 | 27 | 05 | 17 |
| South West, India | 335 | 243 | 01 | 91 | 18 | 70 |
| South East, India | 200 | 143 | - | 57 | 15 | 27 |
| Visakhapatanam | 215 | 182 | 05 | 28 | 01 | 52 |
| USA Vice-Province | 18 | 18 | - | - | - | 01 |

#### COUNTRIES OF MSFS PRESENCE

1. Australia
2. Austria
3. Brazil
4. Belgium
5. Cameroon
6. Canada
7. Chad
8. Ecuador
9. England
10. France
11. Germany
12. India
13. Indonesia
14. Ireland
15. Italy
16. Kenya
17. Malavi
18. Mozambique
19. Namibia
20. Netherlands
21. Papua New Guinea
22. Philippines
23. South Africa
24. Spain
25. Switzerland
26. Tanzania
27. Uganda
28. U.S.A
29. West Indies
30. Zambia

## സേവനമണ്ഡലങ്ങൾ

* സുവിശേഷപ്രഘോഷണം
* വിദ്യാഭ്യാസം
* ഇടവകനവീകരണം
* യുവജനപ്രേഷിതത്വം
* ധ്യാനപ്രസംഗം
* സാമൂഹികസേവനം



## വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന

നിത്യപുരോഹിതനായ ഈശോ, അങ്ങേ ദാസന്മാരായ വൈദികർക്കു യാതൊരാപത്തും വരാതെ അങ്ങേ തിരുഹൃദയത്തിൽ അഭയം നല്കണമേ. അങ്ങേ പരിശുദ്ധമായ ശരീരത്തെ ദിവസംതോറും എടുക്കുന്ന അവരുടെ പൂശപ്പെട്ട കരങ്ങളെ മലിനമാകാതെ കാക്കണമേ. അങ്ങേ വിലയേറിയ തിരുരക്തത്താൽ നനയുന്ന അവരുടെ നാവുകളെ നിർമലമായി കാത്തുകൊള്ളണമേ. ശ്രേഷ്ഠമായ അങ്ങേ പൗരോഹിത്യത്തിന്റെ മഹനീയമുദ്ര പതിച്ചിരിക്കുന്ന അവരുടെ ഹൃദയങ്ങളെ ലോകവസ്തുക്കളിൽനിന്ന് അകറ്റുകയും വിശുദ്ധമായി കാത്തുകൊള്ളുകയും ചെയ്യണമേ. അങ്ങേ ദിവ്യസ്നേഹം അവരെ ലോകതന്ത്രങ്ങളിൽ നിന്നു സംരക്ഷിക്കട്ടെ, അവരുടെ പ്രയത്നങ്ങൾ ഫലസമൃദ്ധങ്ങളായി ഭവിക്കട്ടെ. അവരുടെ ശുശ്രൂഷ ലഭിക്കുന്നവർ ഇഹത്തിൽ അവരുടെ ആനന്ദവും ആശ്വാസവും പരത്തിൽ നിത്യസൗഭാഗ്യത്തിന്റെ മകുടവും ആയിത്തീരട്ടെ. ആമ്മേൻ.

**ലോകരക്ഷകനായ ഈശോ– അങ്ങേ പുരോഹിതന്മാരെയും വൈദികശുശ്രൂഷകരെയും ശുദ്ധീകരിക്കണമേ**

**വൈദികരുടെ രാജ്ഞിയായ മറിയമേ, വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമേ**

**വിശുദ്ധ ഫ്രാൻസീസ് സാലസേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ**




**ദൈവസ്നേഹത്താൽ നിറഞ്ഞ് കർത്താവിനെ അനുഭവിക്കുവാനും യേശുനാഥൻ പഠിപ്പിച്ച സ്നേഹത്തിന്റെ വചനങ്ങൾ ലോകജനതയ്ക്കു പകർന്നുനല്കുവാനും അറിവിന്റെ ജാലകം തുറന്നുകൊണ്ട് വിദ്യാസമ്പന്നരായ ഒരു തലമുറയെ കെട്ടിപ്പടുക്കുവാനും ഇടവകനവീകരണം, യുവജനപ്രേഷിതത്വം, ധ്യാനപ്രസംഗം, സാമൂഹികപ്രവർത്തനം തുടങ്ങിയ പ്രേഷിതപ്രവർത്തനങ്ങളിലൂടെ സമർപ്പിതജീവിതം നയിക്കുവാനും യേശുവിനു സാക്ഷ്യം വഹിക്കുവാനും എം.എസ്.എഫ്. എസ്. സഭ നിങ്ങളെ സ്വാഗതം ചെയ്യുന്നു.**

Contact

Vocation Director
SFS Seminary, Ettumannoor P.O
Kottayam.Dist., Kerala 686 631
Email : vocationsfs@gmail.com
Fr. Bibin Uthuppaserry: 8891159403
9744559403

## Missionaries of St. Francis De Sales (MSFS) (Fransalians)



# MSFS
# സഭയിലേക്ക് സ്വാഗതം